പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.349 28.10.2019 ൽ മറുപടിയ്ക്ക്

# എൻഡോസൾഫാൻ ദുരിതബാധിതർക്ക് പുനരധിവാസ ഗ്രാമം

ചോദ്യം മറുപടി

ശ്രീ.കെ.കുഞ്ഞിരാമൻ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി മുളിയാർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന പുനരധിവാസ ഗ്രാമത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;<br>(ബി) പ്രസ്തുത പദ്ധതി എന്ന് യാഥാർത്ഥ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്നും പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ ;<br>(സി) നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത ഏജൻസി നാളിതുവരെയായി സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ), (ബി) & (സി)<br>കാസർഗോഡ് എൻഡോസൾഫാൻ ഗ്രാമത്തിന്റെ രൂപകൽപ്പന ഊരാലുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് പുനരധിവാസഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാലുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് സാമൂഹ്യനീതി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നു |

Jasmin Thomas

സെക്ഷൻ ഓഫീസർ